**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.258 — 28.11.2018 ൽ മറുപടിക്ക്

## ആർദ്രം മിഷൻ പദ്ധതി

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; | (എ) | എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാനദണ്ഡങ്ങളുടേയും ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായി ക്രമീകരിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജില്ലാ താലൂക്ക് തല ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും അധിക ജീവനക്കാരെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക, ഒ.പി. വിഭാഗം നവീകരിക്കുകയും, സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുകയും ചെയ്യുക, വിവിധ മാനദണ്ഡങ്ങളിലൂടേയും അക്രഡിറ്റേഷൻ സംവിധാനങ്ങളിലൂടെയും ചികിത്സകർക്കും ആരോഗ്യ പ്രവർത്തകർക്കും തൊഴിൽ സംബന്ധമായ അപായ സാദ്ധ്യതകളിൽ സുരക്ഷിതത്വം ഉറപ്പ വരുത്തുക, ജില്ല ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഒരുക്കുക മുതലായവയാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. |
| (ബി) | പദ്ധതിയുടെ ഭാഗമായി റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി കളാണ് കുടുംബരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടത്; ഇവിടെ വൈകുന്നേരം 6 മണിവരെ ഡോക്ടർ ഉൾപ്പെടെയുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; മറ്റെന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | റാന്നി നിയോജകമണ്ഡലത്തിലെ വടശ്ശേരിക്കര, കോട്ടാങ്ങൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടത്. വൈകുന്നേരം 6 മണിവരെ ഡോക്ടർമാർ ഉൾപ്പടെയുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ സൗകര്യങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>✔ ജനസൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ.<br>✔ വിദഗ്ധരായ ഡോക്ടർമാരുടെയും |

| | | | |
|---|---|---|---|
| | | | നേഴ്സുമാരുടെയും ആരോഗ്യ പ്രവർത്തകരുടേയും സേവനം.<br>✔ മാനദണ്ഡങ്ങൾക്കനുസൃതമായ മെച്ചപ്പെട്ട ചികിത്സ.<br>✔ ഗുണമേന്മയുള്ള ഉപകരണങ്ങൾ.<br>✔ റഫറൽ സംവിധാനം.<br>✔ ആരോഗ്യ ജാഗ്രത പരിപാടിയിലൂടെ പകർച്ചവ്യാധി പ്രതിരോധം.<br>✔ ശ്വാസകോശ രോഗങ്ങൾ മാനസികാരോഗ്യ പ്രശ്നങ്ങൾ പ്രതിരോധവും മാർഗ്ഗനിർദ്ദേശവും.<br>✔ ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്.<br>✔ ലബോറട്ടറി സംവിധാനം.<br>✔ രോഗികൾ ഡോക്ടറെ കാണുന്നതിനു മുമ്പ് നേഴ്സുമാരുടെ പ്രീ-ചെക്കപ്പ്. |
| (സി) | ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി കൾക്ക് എന്തു സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; റാന്നി നിയോജക മണ്ഡലത്തിൽ ഏതെങ്കിലും സി.എച്ച്.സിയെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | റാന്നി നിയോജക മണ്ഡലത്തിൽ നിന്നും 2018-2019 കാലയളവിൽ വെച്ചൂച്ചിറ, എഴുമറ്റൂർ എന്നീ സി.എച്ച്.സികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സി.എച്ച്.സി.കളിൽ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങൾക്കു പുറമെ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ കൂടി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ